പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1034 | 12.07.2016 ലെ മറുപടിയ്ക്ക്

## തരിശായി കിടക്കുന്ന കൃഷി ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തരിശായി കിടക്കുന്ന കൃഷി ഭൂമികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പാണ് തരിശായി കിടക്കുന്ന കൃഷി ഭൂമികളുടെ വിവര ശേഖരണം നടത്തിയിട്ടുള്ളത്. ടി വകുപ്പിന്റെ കണക്ക പ്രകാരം 2014-15 വർഷം സംസ്ഥാനത്ത് കൃഷിയോഗ്യമായ തരിശ് കൃഷിഭൂമി 100676 ഹെക്ടറാണ്. |
| (ബി) | കൃഷിക്ക് തീർത്തും അനുയോജ്യമല്ലാത്ത ഭൂമി എത്രയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2014-15 വർഷത്തെ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്ക് പ്രകാരം കൃഷിക്ക് തീർത്തും അനുയോജ്യമല്ലാത്ത ഭൂമി 12952 ഹെക്ടറാണ്. |
| (സി) | കൃഷിക്ക് അനുയോജ്യവും, വർഷങ്ങളായി തരിശാക്കിയിട്ടിട്ടുള്ളതുമായ ഭൂമി കൃഷി ഭൂമിയാക്കി മാററുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ? | (സി) | 2016-17 വർഷം കൃഷി വകുപ്പ് 2560 ഹെക്ടർ തരിശുഭൂമിയിൽ കര നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ തരിശ് കിടക്കുന്ന പാടങ്ങളിലെ നെൽ കൃഷി, പച്ചക്കറികൃഷി, വാഴകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അടുത്ത 5 വർഷം കൊണ്ട് കരനെൽകൃഷി 1 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ